# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1991** **22.03.2012 ൽ മറുപടിക്ക്**

***പ്രാദേശിക വികസന ഫണ്ട് വിനിയോഗം***

**ചോദ്യം** **ഉത്തരം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | നിയമസഭാംഗങ്ങൾക്കുള്ള പ്രാദേശിക വികസന ഫണ്ട് ഏതൊക്കെ മേഖലകളിൽ ചെലവഴിക്കാമെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം 1-ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾക്ക് മാത്രമേ ടി. ഫണ്ട് വിനിയോഗിക്കുവാൻ അനുവാദമുള്ളൂ. |
| ബി. | സ്കൂളുകളിലെ ഇൻഫ്രാസ്ട്രക്ചർ വികസന രംഗം കൂടാതെ അക്കദമിക് തലത്തിൽ മികവുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഇവ ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ; | എം.എൽ.എ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം (1) പ്രകാരം സർക്കാർ/ എയ്ഡഡ് സ്കൂളുകളുടെ കെട്ടിട നിർമ്മാണം - അനുബന്ധം 1(1), ആദിവാസി മേഖലകളിൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം - അനുബന്ധം 1(20), അദ്ധ്യയനത്തിനുതകുന്ന ദൃശ്യ-ശ്രാവ്യ സഹായികൾ വാങ്ങൽ - അനുബന്ധം 1(26), കമ്പ്യൂട്ടർ സ്ഥാപിക്കൽ (സർക്കാർ ഉത്തരവ് (പി)നം.543/04/ധന., തീയതി 22.11.2004), ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ (സർക്കാർ ഉത്തരവ് (പി)നം.74/08/ധന., തീയതി 15.02.2006) എന്നീ പ്രവൃത്തികൾ സർക്കാർ/എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് എം.എൽ.എ പ്രത്യേക വികസന നിധി വിനിയോഗിക്കാവുന്നതാണ്. കൂടാതെ സർക്കാർ ഉത്തരവ് (പി)നം.583/2010/ധന., തീയതി 15.11.2010 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്സ് വാങ്ങുന്നതിനും വ്യവസ്ഥകൾക്ക് വിധേയമായി ടി. ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർ സ്ഥാപിക്കൽ, അദ്ധ്യയനത്തിനുതകുന്ന ദൃശ്യ-ശ്രാവ്യ സഹായികൾ സ്ഥാപിക്കൽ എന്നിവ അദ്ധ്യയന മികവിനുതകുന്ന പ്രവർത്തനങ്ങൾക്കും ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. |

| | | |
|---|---|---|
| സി. | സാമൂഹിക സുരക്ഷാ പ്രോജക്ടുകൾക്ക് ഇത്തരം ഫണ്ട് ഉപയോഗപ്പെടുത്താമോ; ഇല്ലെങ്കിൽ അതിനുകൂടി കഴിയുന്ന തരത്തിൽ സർക്കാർ ഉത്തരവിറക്കാമോ; വിശദമാക്കാമോ? | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്നതും പൊതുജനങ്ങൾക്കുപകരിക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവൃത്തികൾക്കാണ് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കേണ്ടത്. പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി കുഴൽ കിണർ, വാട്ടർ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം- അനുബന്ധം 1(2), വൃദ്ധർക്കും വികലാംഗർക്കും വേണ്ടി പൊതു ഷെൽട്ടർ നിർമ്മാണം - അനുബന്ധം 1(5), കൂടുതൽ ജലം ലഭ്യമാകുന്ന രീതിയിൽ കുളങ്ങൾ വൃത്തിയാക്കൽ, ജലസേചന സൗകരം വർദ്ധിപ്പിക്കൽ - അനുബന്ധം 1(11), അംഗൻവാടി, ക്രഷ് എന്നിവയുടെ നിർമ്മാണം - അനുബന്ധം 1(13), കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നിർമ്മാണം - അനുബന്ധം 1(14), ആദിവാസികൾക്ക് റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം, സർക്കാർ ആശുപത്രികൾക്കായി എക്സ്-റേ മെഷീൻ, ആമ്പുലൻസ് എന്നിവ വാങ്ങൽ - അനുബന്ധം 1(23) തുടങ്ങിയ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്ന ധാരാളം പ്രവൃത്തികൾക്കു വേണ്ടി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ ഇപ്പോൾ തന്നെ അനുവാദമുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.